എ.എസ്. ആഫീസർമാരുടെ കീഴിലാക്കിയിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെ പുരോഗതി സമയബന്ധിതമായി വിലയിരുത്താൻ ധനകാര്യ മന്ത്രിയുടേയും ചീഫ് സെക്രട്ടറിയുടേയും മേൽനോട്ടത്തിൽ റിവ്യൂ മീറ്റിംഗ് നടത്താറുണ്ട്.

ധനസ്ഥിതി മെച്ചപ്പെടുത്താൻ നടപടി

5 (337) ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്തുവാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന ഗവൺമെന്റിന്റെ നിക്ഷേപം എത്ര ആയിരുന്നു;

(സി) ഈ ഗവൺമെന്റിന്റെ കാലത്ത് ഇതുവരെ പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്തു തുക നിക്ഷേപിച്ചിട്ടുണ്ട്;

(ഡി) 1999-2000 വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലാഭവിഹിതമായി ഗവൺമെന്റിനു എന്തു തുക കിട്ടിയിട്ടുണ്ട്;

(ഇ) ഇത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മുതൽമുടക്കിന്റെ എത്ര ശതമാനമാണ്?

ഉത്തരം

(എ) നികുതി/നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ വകുപ്പുമേധാവികൾക്കും നൽകിയിട്ടുണ്ട്. ചെലവ് ഇനങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ടി വ്യയനിയന്ത്രണ നടപടികൾ കൂടുതൽ കർശനമാക്കി നടപ്പിലാക്കാൻ ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) 31 മാർച്ച് 96 ൽ നിക്ഷേപം 997.00 കോടിരൂപ ആയിരുന്നു.

(സി) 31 മാർച്ച് 1999 വരെ ഈ ഗവൺമെന്റ് 1077.67 കോടിരൂപ നിക്ഷേപിച്ചിട്ടുണ്ട്.

(ഡി) 1999-2000 വർഷത്തെ ലാഭവിഹിതത്തെ സംബന്ധിക്കുന്ന കണക്കുകൾ അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കി വരുന്നതേയുള്ളൂ. 1998-99 സാമ്പത്തിക വർഷത്തിൽ 3.93 കോടി രൂപ ലാഭവിഹിതമായി കിട്ടിയിട്ടുണ്ട്.

(ഇ) ഇത് 1998ൽ 99 വർഷത്തിലെ മുതൽമുടക്കിന്റെ 0.24% മാണ്.

സാമ്പത്തിക പ്രതിസന്ധി

6 (338) ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ വികസന പദ്ധതിയുടെ നടത്തിപ്പിന് തടസ്സം നേരിടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly